## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1214 20.01.2014 -ലെ മറുപടിയ്ക്ക്

# *സ്പോർട്സ് സയൻസ് പഠന വിഷയമാക്കാൻ നടപടി*

ചോദ്യം
ശ്രീ. കെ.എൻ.എ.ഖാദർ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിൽ സ്പോർട്സ് സയൻസ് ഒരു പഠന വിഷയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ സ്പോർട്സ് സയൻസിലേക്കായി ഒരു പഠന വകുപ്പ് നിലവിലുണ്ട്. എം.ജി. സർവ്വകലാശാല സ്പോർട്സ് സയൻസ് എന്ന പേരിൽ കോഴ്സ് നടത്തുന്നില്ല എങ്കിലും സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്ന കോഴ്സ് നടത്തുന്നുണ്ട്. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മൂലമറ്റം സെന്റ് ജോസഫ് അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിൽ ബി.പി.എഡ്., ബാച്ചിലർ ഓഫ് കോച്ചിംഗ് ഇൻ സ്പോർട്സ് & ഗെയിംസ് , എം.പി.എഡ്., എം.ഫിൽ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ കോഴ്സുകളും പാല സെന്റ് തോമസ് കോളേജിൽ ബി.എസ്.സി. റിക്രിയേഷൻ ലഷർ ആന്റ് സ്പോർട്സ് സ്റ്റഡീസ് എന്ന കോഴ്സുകളുടെ നടത്തുന്നുണ്ട്.<br>സംസ്കൃത സർവ്വകലാശാലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിന് കീഴിൽ എം.പി.എഡ് , പി.എച്ച്.ഡി എന്നിവ നടത്തുന്നു. |

| | | | |
|---|---|---|---|
| | | | സ്പോർട്സ് സയൻസ് ഒരു പഠന വിഷയമാക്കാൻ ഉദ്ദേശിക്കുന്നതായി കോഴിക്കോട് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സംരംഭങ്ങൾ ആരംഭിച്ചാൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ പൂർണ്ണമായ സാമ്പത്തിക സഹായം ചെയ്യുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വൈസ് ചാൻസലറുമായ് നടത്തിയ ചർച്ചയിൽ സ്പോർട്സ് സയൻസ് വകുപ്പ് ആരംഭിച്ചാൽ എല്ലാ സഹായവും സായിയുടെ ഭാഗത്ത് നിന്നു ഉണ്ടാകുമെന്ന് ഡയറക്ടർ ഉറപ്പുനൽകിയതായി കാലിക്കറ്റ് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അത്തരം കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സർവ്വകലാശാലകൾ ശുപാർശചെയ്യുന്ന കോഴ്സുകൾക്കാണ് സർക്കാർ അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ